പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1376** **14. 06. 2013-** ലെ മറുപടി

## അറേബ്യൻ നാട്ടുകളിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം

**ചോദ്യം**

ശ്രീ. എം. ഹംസ

**ഉത്തരം**

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) കേരളത്തിൽ നിന്നും അറേബ്യൻ നാട്ടുകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ച എണ്ണവും ഓരോ രാജ്യത്തിലും എത്രയെന്നും വ്യക്തമാക്കാമോ;

(എ) വ്യക്തമായ കണക്ക് ലഭ്യമല്ല. എങ്കിലും തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ സാമ്പിൾ സ്റ്റഡി മെത്തേഡ് പ്രകാരം തയ്യാറാക്കിയ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ റിപ്പോർട്ട് - 2011 പ്രകാരം കേരളത്തിൽ നിന്നും അറേബ്യൻ നാട്ടുകളിൽ ജോലി ചെയ്യുന്നവരുടെ കണക്ക് ചുവടെ ചേർക്കുന്നു. എന്നാൽ ജില്ലതിരിച്ച് ഓരോ അറേബ്യൻ രാജ്യത്തിലും ജോലിചെയ്യുന്നവരുടെ എണ്ണം ലഭ്യമല്ല.

| രാജ്യങ്ങൾ | പ്രവാസികളുടെ എണ്ണം |
|---|---|
| യു. എ. ഇ. | 883313 |
| സൌദി അറേബ്യ | 574739 |
| ഒമാൻ | 195300 |
| കുവൈറ്റ് | 127782 |
| ബഹ്റൈൻ | 101556 |
| ഖത്തർ | 148427 |
| മറ്റ് പൂർവ്വേഷ്യൻ രാജ്യങ്ങൾ | 6696 |

(ബി) ഇന്ത്യാ-സൗദി തൊഴിൽ കരാർ നടപ്പിലാക്കുവാൻ പോകുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) ഉണ്ട്.

(സി) സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രസർക്കാരിനെ അറിയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നയതന്ത്രതലത്തിൽ ഇടപെടുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ബഹു. പ്രധാന മന്ത്രി, വിദേശകാര്യ മന്ത്രി, പ്രതിരോധ മന്ത്രി, വിദേശകാര്യ സഹമന്ത്രി എന്നിവരുമായി ചർച്ചകൾ ഈ വിഷയത്തിൽ നടത്തിയിട്ടുണ്ട്.

(ഡി) പ്രവാസി സംഘടനകളുമായി ചർച്ച ചെയ്ത് അടിയന്തിര റിപ്പോർട്ട് നൽകുമോ?

(ഡി) ഗ്ലോബൽ ഓവർസീസ് മീറ്റ്, പ്രവാസി ഭാരതീയ ദിവസ് തുടങ്ങിയ അവസരങ്ങളിൽ പ്രവാസി സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ